ഉത്തരം

(എ) കിലയ്ക്ക്.

(ബി) 1999-2000 മെസ്സേർസ് ഒ. മനോഹരൻ ആന്റ് കമ്പനി ചാർട്ടേഴ്സ് അക്കൗണ്ടൻസ് തൃശൂർ.

2000-01, 2001-02 മെസ്സേർസ് എം/എസ് വാസണൻ ആന്റ് വേൽസ്-ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, തൃശൂർ. 2002-03 മെസ്സേർസ് വാര്യർ ആന്റ് വാര്യർ ചാട്ടേഴ്സ് അക്കൗണ്ടന്റ്സ് തൃശൂർ.

(സി) വയ്ക്കുന്നു.*

(ഡി&ഇ) കിലയുടെ ആഡിറ്റിന്റെ ഭാഗമായി സി&എ.ജി. ഇതും ഓഡിറ്റ് ചെയ്തു വരുന്നു. 2001-2002 വരെ എ.ജി.ഓഡിറ്റ് ചെയ്തുകഴിഞ്ഞു.

"കാപ്ഡെക് സംബന്ധിച്ച എസ്.ഡി.സി. യുമായി കിലയുടെ കരാർ"

28 (4463) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് സംബന്ധിച്ച് എസ്.ഡി.സി. യുമായി കരാറിലേർപ്പെടുവാൻ കിലയ്ക്ക് സാങ്ഷൻ നൽകിയിരുന്നുവോ ;

(ബി) അതനുസരിച്ച് കില കരാറിലേർപ്പെട്ടുവോ ;

(സി) എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തായിരുന്നു ;

(ഡി) കരാറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) കരാറിൽ ഏർപ്പെട്ടു.

(സി&ഡി) കരാറിന്റെ കോപ്പി വയ്ക്കുന്നു.*

കില വഴി കാപ്ഡെക്കിന് കൈമാറിയ വിദേശ സഹായത്തുക

29 (4464) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കില വഴി കാപ്ഡെക്കിന് സംസ്ഥാന ഗവൺമെന്റ് കൈമാറിയ വിദേശ സഹായത്തുകയല്ലാതെ ആ സ്ഥാപനത്തിന് തനതു വരുമാനമുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ വിദേശ സഹായം കൈമാറിക്കിട്ടിയതു മുതൽ ഓരോ വർഷവും അതിനുണ്ടായ തനതു വരുമാനമെത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly